# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2458

09.07.2015-ൽ മറുപടിയ്ക്ക്

## ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകൾ

**ചോദ്യം**
ശ്രീ.രാജു എബ്രഹാം :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ സർക്കാർ കോളേജുകൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് പറയാമോ; പുതുതായി അനുവദിച്ച കോളേജിലെ കോഴ്സുകളും വിഷയങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) | വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| (സി) | ഓരോ കോളേജിനും അനുവദിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഏതൊക്കെയെന്നും എത്രയെണ്ണം എന്നും പറയാമോ ; | | |
| (ഡി) | സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പള ബിൽ ഒപ്പിടുന്നതിന് അധികാരമുള്ള ഗസറ്റഡ് തസ്തിക ഏതൊക്കെ കോളേജുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനായി അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തസ്തിക ഇല്ലാത്ത സർക്കാർ കോളേജുകൾ ഏതൊക്കെ; ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഗസറ്റഡ് തസ്തിക അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ഡി) | മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളബിൽ ഒപ്പിടുന്നതിന് അധികാരമുള്ള ഗസറ്റഡ് തസ്തിക അനുവദിച്ചിട്ടുള്ള കോളേജുകളുടെ പേരുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:<br>1. സർക്കാർ വനിതാ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) തിരുവനന്തപുരം.<br>2. യൂണിവേഴ്സിറ്റി കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) തിരുവനന്തപുരം.<br>3. സ്വാതിതിരുനാൾ കോളേജ് ഓഫ് മ്യൂസിക് - (സീനിയർ സൂപ്രണ്ട്) തിരുവനന്തപുരം.<br>4. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) തിരുവനന്തപുരം.<br>5. മഹാരാജാസ് കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) എറണാകുളം<br>6. രാധാലക്ഷ്മി വിലാസം മ്യൂസിക് & ഫൈൻ ആർട്സ് കോളേജ്, തൃപ്പൂണിത്തുറ - (സീനിയർ സൂപ്രണ്ട്) എറണാകുളം<br>7. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) എറണാകുളം.<br>8. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) തൃശ്ശൂർ. |

| | | | |
|---|---|---|---|
| | | | 9. ചെമ്പൈ മെമ്മോറിയൽ സർക്കാർ മ്യൂസിക് കോളേജ് - (സീനിയർ സൂപ്രണ്ട്) പാലക്കാട്.<br>10. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) കോഴിക്കോട്.<br>ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു. ഗസറ്റഡ് തസ്തിക അനുവദിക്കുന്നതിലേയ്ക്കായി നിലവിൽ മാനദണ്ഡം ഇല്ലായെന്ന് കാണുന്നു. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച കോളേജുകളിൽ പോലും മിനിസ്റ്റീരിയൽ വിഭാഗത്തിന് ഗസറ്റഡ് തസ്തിക അനുവദിച്ചപ്പോൾ കോട്ടയം ഗവണ്മെന്റ് കോളേജ് പോലെയുള്ള പഴയ കോളേജുകളിൽ പ്രസ്തുത തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടാണ് ; ഇവിടെ പ്രസ്തുത തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപെടുത്തുന്നതിനു മുമ്പ് കോട്ടയം സർക്കാർ കോളേജിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് തസ്തികയും രണ്ട് ജൂനിയർ സൂപ്രണ്ട് തസ്തികയും സൂപ്പർവൈസറി തസ്തികകളായി ഉണ്ടായിരുന്നു. എന്നാൽ പ്രീഡിഗ്രി കോളേജിൽ നിന്ന് വേർപെടുത്തിയതിനെ തുടർന്ന് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവു കാരണം ഈ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികയും ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും നിർത്തലാക്കുകയും ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക മാത്രം നിലനിർത്തുകയും ചെയ്യുകയുണ്ടായി. കോട്ടയം സർക്കാർ കോളേജിൽ സൂപ്പർ വൈസറി തസ്തികയായി ഒരു സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (എഫ്) | ഇപ്പോൾ പ്രസ്തുത ഗസറ്റഡ് തസ്തിക ഇല്ലാത്ത എല്ലാ സർക്കാർ ആർട്സ് സയൻസ് കോളേജുകളിലും പ്രസ്തുത തസ്തിക അനുവദിക്കുമോ ; | (എഫ്) | ഇപ്പോൾ പ്രൊപ്പോസലുകൾ ഒന്നും പരിഗണനയിലില്ല. |

(signature)

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്